LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. സിറ്റി ഡിപ്പോയിൽനിന്നും കുറവു ചെയ്ത ഷെഡ്യൂളുകൾ

62 [1370] ശ്രീ. കളത്തിൽ അബ്ദുള്ള:

„ പി. കെ. കെ. ബാവ:

„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ടതും ആദ്യകാലത്ത് സ്ഥാപിച്ചിട്ടുള്ളതുമായ കെ. എസ്. ആർ. ടി. സി. സിറ്റി ഡിപ്പോയിൽ കഴിഞ്ഞ ഒരു വർഷക്കാലം എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു;

(ബി) ഇപ്രകാരം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതിന്റെ കാരണം അറിയിക്കാമോ;

(സി) ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ജനങ്ങൾക്ക് യാത്രാക്ലേശത്തിനും പ്രൈവറ്റ് സർവ്വീസുകാരെ സഹായിക്കുന്നതിനും ഇടയാക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ സർവ്വീസ് നടത്താൻ കഴിഞ്ഞ ഒരു വർഷം എത്ര പ്രൈവറ്റ് ബസ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ഇ) പ്രൈവറ്റ് വാഹനങ്ങൾ കൂടുതൽ സർവ്വീസ് നടത്തുന്നത് ഗവൺമെന്റിന് എന്തെങ്കിലും തരത്തിൽ ഗുണകരമാണോ?

ഉത്തരം

(എ ആന്റ് ബി) കടലാസ്സിൽ മാത്രം ഉണ്ടായിരുന്നതോ കളക്ഷൻ വളരെ കുറവ് ഉണ്ടായിരുന്നതോ ആയ ഏഴ് ഷെഡ്യൂളുകൾ മാത്രമേ നിർത്തലാക്കിയിട്ടുള്ളൂ.

(സി) ഇല്ല.

(ഡി) ഒരു ബസ്സിനും അനുമതി നൽകിയിട്ടില്ല.

(ഇ) പ്രൈവറ്റ് വാഹനങ്ങൾ കൂടുതൽ സർവ്വീസ് നടത്തുന്നതുമൂലം നികുതിയിനത്തിലുള്ള വരുമാനം കൂടുന്നതിന് കാരണമാകുന്നു.

കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ റദ്ദ് ചെയ്യുന്നതിന്റെ മാനദണ്ഡം

63 [1371] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ടായിരുന്ന എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്തു;